# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM P10/1022/2022 DT 12/04/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM P10/1022/2022 DT 12/04/2022 തീയ്യതി: 06/05/2022

## കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-12-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.എം.ഡി.അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-12-2021 | 23-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 23-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിജി വർഗീസ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി സിന്ധു.റ്റി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശുഭ ജി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സീമ കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശീതൾ ശിവൻകുട്ടി | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.വിജയ് വി | വെറ്റിനറിസർജൻ | 01-04-2019 | 27-01-2020 |
| ശ്രീമതി ദീപ്തി,എ.ആർ | വെറ്റിനറിസർജൻ | 28-01-2020 | 31-03-2020 |
| ശ്രീ. വി ജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. രതീഷ് കുമാർ ആർ | വി.ഇ.ഒ | 01-04-2019 | 29-11-2019 |
| ശ്രീമതി. പ്രിയ സൈമൺ | വി.ഇ.ഒ | 30-11-2019 | 31-03-2020 |
| ശ്രീമതി.സാബുനിസ എ | വി.ഇ.ഒ. | 01-04-2019 | 29-11-2020 |
| ശ്രീമതി റഹ്ന | വി.ഇ.ഒ. | 30-11-2019 | 30-03-2020 |
| ഡോ.സവിത | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | 01-04-2019 | 18-06-2019 |
| ഡോ.അമൃത് എസ് വിഷ്ണു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | 19-06-2019 | 31-03-2020 |
| ഡോ.ഷിമ്മി എസ് രാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.പ്രീത | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.മേഴ്സി സി ജെ | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീമതി സജീന ഫിർദൗസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ സുനിൽകുമാർ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീ ജോബി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ശ്രീമതി. സംഗീത | ഡയറി ഫാം ഇൻസ്ട്രക്ടർ. | 01-04-2019 | 07-07-2019 |
| ശ്രീമതി. ജീന.ജെ.നെൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ. | 08-07-2019 | 29-12-2019 |
| ശ്രീ. അബ്ദുൾ സലിം | ഡയറി ഫാം ഇൻസ്ട്രക്ടർ. | 30-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh V.S (Senior Grade Auditor, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: T.Sindhu (Asst. Audit Officer, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-2 |
| 3 | 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: T.Sindhu (Asst. Audit Officer, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Aneesh V.S (Senior Grade Auditor, On 28-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Biji Varghese (Audit Officer (HG), On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-10 |
| 12 | വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടഭാഗങ്ങളുടെ നികുതി, ചട്ടം 9(2) പ്രകാരം നിർണ്ണയിക്കുന്നില്ല<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-11 |
| 13 | 2019-20 സാമ്പത്തിക വർഷം ഫാക്ടറി - വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-12 |
| 14 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.<br>Written By: Aneesh V.S (Senior Grade Auditor, On 28-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 20-04-2022) | 1-13 |
| 15 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Biji Varghese (Audit Officer (HG), On 27-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 13-05-2022) | 1-14 |

| | | |
|---|---|---|
| 16 | 150000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.<br>Written By: Aneesh V.S (Senior Grade Auditor, On 26-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-15 |
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - മതിയായ രേഖകളുടെ അഭാവത്തിൽ ആനുകൂല്യം നൽകി<br>Written By: Aneesh V.S (Senior Grade Auditor, On 30-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-16 |
| 18 | ജില്ലാ ആസൂത്രണ സമിതി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകൽ - സർക്കാർ നിർദ്ദേശമില്ലാതെ തുക ചെലവഴിച്ചു<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-17 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-18 |
| 20 | എസ് എസ് എ പദ്ധതിയ്ക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Aneesh V.S (Senior Grade Auditor, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-19 |
| 21 | പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ അധികമായി പിൻവലിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 1-20 |
| 22 | ഗുണഭോക്തൃ വിഹിതം പിരിവ് - വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ അധികമായി പിൻവലിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: T.Sindhu (Asst. Audit Officer, On 31-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 18-05-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: T.Sindhu (Asst. Audit Officer, On 19-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 12-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 4-6 |
| 7 | സ്ഥിര നിക്ഷേപം.<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 21-04-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 19-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 17-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

25/02/2019 തീയതിയിലെ 1 (1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 08/03/2020 തീയതിയിലെ 1 (1)തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 4.06.2020 | - | - |

### 1-2-1 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. 2019-20 ട്രഷറി TSB Own Fund Account മുന്നിരിപ്പ് തുക -9398270/-, 2018-19 വർഷത്തെ നീക്കിയിരിപ്പ് തുക- 9390420/- രൂപയുമായി പൊരുത്തപ്പെടുന്നില്ല. 2018-19 ലെ ആകെ നീക്കിയിരിപ്പ് തുകയും 2019-20 ലെ മുന്നിരിപ്പ് തുകയും തമ്മിൽ 7850/- രൂപയുടെ വ്യത്യാസം കാണുന്നു.
2. CFC Untied ഗ്രാന്റിനത്തിലുള്ള അലോട്ട്മെന്റ് തുകയായ 39,79,500/-രൂപ വരവായി ഉൾപ്പെടുത്താതിരുന്നത് മൂലം നീക്കിയിരിപ്പിൽ 39,79,500/-രൂപയുടെ വ്യത്യാസമുണ്ട്.
3. വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതമിനത്തിലുള്ള ചെലവ് വിവരങ്ങൾ സുലേഖ സ്റ്റേറ്റ്മെന്റിൽ കൃത്യമായി ഉൾപ്പെട്ടിട്ടില്ല.
2019-20 വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കിയ കോഴി വളർത്തൽ (SCP) പദ്ധതിയുടെ 26125/- രൂപയുടെ ചെലവിനത്തിൽ 2020-21 ൽ ചെക്ക് നൽകിയെങ്കിലും 2019-20 ലെയും 2020-21 ലെയും സുലേഖ സേറ്റ്മെന്റിൽ ചെലവ് വിവരം ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചെലവ് ഇരുവർഷങ്ങളിലെയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടതായി രേഖകളില്ല.
4. കെട്ടിട നികുതി അരിയർ തൻവർഷ ഡിമാന്റ് കളക്ഷൻ തുകകളുടെ അഡ്ജസ്റ്റ്മെന്റ് Prior Period ൽ ഉൾപ്പെട്ടിട്ടുള്ളത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിലുൾപ്പെടുത്തിയിട്ടില്ല.
6. ബാലൻസ് ഷീറ്റ് B - 18 ഷെഡ്യൂളിലുൾപ്പെട്ടിട്ടുള്ള Advance To Implementing Agencies - Deposit With Kerala Water Authority-55599/-, Advances To Implementing Agencies - Deposit With Kerala Electricity Board-466416/- രൂപ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
7. Centrally Sponsored Scheme - Total Sanitation Campaign നീക്കിയിരിപ്പ് തുക 756000/- രൂപ ഉണ്ടായിരിക്കെ തൻവർഷം ചെലവില്ലാതെ ടി തുക ചെലവായി ബുക്ക് ചെയ്യുകയും ചെയ്തിരിക്കുന്നു. എന്നാൽ 2020-21 വർഷം ടി ഫണ്ടിനത്തിൽ വരവില്ലാതെ നീക്കിയിരിപ്പായി വാർഷിക കണക്കിലുൾപ്പെട്ട് കാണുന്നു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 12295372/-രൂപ |
| വരവ് | 50813593/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63108965/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55755541/-രൂപ |
| നീക്കിയിരിപ്പ് | 7353424/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12750/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1438517/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 12839100/- | 12839100/- | 10292222/- | 2546778/- | ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വരവ്, ചെലവ് തുകകൾ പൊരുത്ത പ്പെടുന്നില്ല. |
| വികസന ഫണ്ട്-എസ്.സി.പി | - | 10649000/- | 10649000/- | 5754306/- | 4894694/- | ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വരവ്, ചെലവ് തുകകൾ പൊരുത്ത പ്പെടുന്നില്ല. |
| മെയിന്റനൻസ്, റോഡ് | - | 5787000/- | 5787000/- | 2216925/- | 3570075/- | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 4711200/- | 4711200/- | 2017674/- | 2694326/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | - | 7960962/- | 7960962/- | 4583098/- | 3377864/- | വരവ്, നീക്കിയിരുപ്പ് തുകകൾ ഗ്രാന്റ്സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 40491950/- | 40491950/- | 40491950/- | 0 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് ഭരണച്ചെലവ് | 1015/- | 2331386/- | 2332401/- | 2329338/- | 3063/- | |

| | | | | | | |
|---|---|---|---|---|---|---|
| ICDS | 1592870/- | 856771/- | 2449641/- | 973795/- | 1475846/- | |
| WESTERN GHAT DEVELOPMENT | 32268/- | 1195/- | 33463/- | 0 | 33463/- | |
| TSC | | | | | | |
| ശുചിത്വമിഷൻ | 1187467/- | 0 | 1187467/- | 431200/- | 756267/- | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | | 4500000/- | 4500000/- | 4240000/- | 260000/- | |
| സാക്ഷരത | 1799/- | 64/- | 1863/- | 0 | 1863/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 122231302/- | 96 | 33484298/- | 80 | 20 | 35.20% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1015/- | 2333186/- | 2334201/- | 2331138/- | 3063/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40491950/- | 40491950/- | 40491950/- | 0 |
| ആകെ | 1015/- | 42825136/- | 42826151/- | 42823088/- | 3063/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 142200/- | 158 |
| കർഷകതൊഴിലാളി പെൻഷൻ | 1764600/- | 293 |
| വിധവാ പെൻഷൻ | 4493400/- | 686 |
| വാർദ്ധക്യകാല പെൻഷൻ | 40331200/- | 18712 |
| വികലാംഗ പെൻഷൻ | 7636200/- | 1416 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1895600/- | 318 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 180000/- | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 09/12/2021, 2.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3310/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടി ക്രമങ്ങൾ സ്വീകരിച്ചുകാണുന്നു. വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃവിഹിതം പിരിവ്, അവയുടെ ചെലവ് എന്നിവയുടെ കണക്കുകളിൽ പൊരുത്തക്കേടുകൾ കാണുന്നു. ആസ്തികളുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ കാലികമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പ്രാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/10/2020 | 03/2020 | 17/11/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/12/2019 | 2014-15 മുതൽ 2018-19 വരെ | 15/01/2020 |

## 1-11 വെവ്വേറെ ഉപയോഗക്രമമുള്ള കെട്ടിടഭാഗങ്ങളുടെ നികുതി, ചട്ടം 9(2) പ്രകാരം നിർണ്ണയിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 9 (2 ) പ്രകാരം വെവ്വേറെ ഉപയോഗക്രമം ഉള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അതത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തു നികുതി നിർണയിക്കേണ്ടത് ആണ് എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തിലെ ഫാക്ടറി – വ്യാപാര ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടങ്ങളിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതായി കാണുന്നു. ഈ സാഹചര്യത്തിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയ കെട്ടിടഭാഗത്തിന് ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 17 പ്രകാരം നികുതി നിർണയത്തിന് ശേഷം കെട്ടിടത്തിലെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയാൽ ആ വിവരം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കണമെന്നും, ഇപ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത പക്ഷം 1000/-രൂപയോ പുതുക്കിയ നികുതി നിർണയം മൂലമുണ്ടാകുന്ന

നികുതി വർധനയോ ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ച കെട്ടിടങ്ങളിൽ മറ്റ് ഉപയോഗക്രമങ്ങൾക്ക് ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ ഫാക്ടറി -വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം | ഫാക്ടറി -വ്യാപാര ലൈസൻസ് നമ്പർ/ ലൈസൻസ് ഉടമ | ആവശ്യം | അടിസ്ഥാന വസ്തു നികുതി നിർണയത്തിന് പരിഗണിച്ച ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | XII/384 | 2052/2019 ഷിബുലാൽ കെ എസ് | ടോട്ടൽ ഹൗസ് കീപ്പിംഗ് | പാർപ്പിടം |
| 2 | II/ 46, II/ 47 | 1781/2019 രേണുകുമാരി | മെറ്റൽ ക്രഷർ | II/ 46 പാർപ്പിടം |
| 3 | IX/366 | 1951/2019 ഷീല | ഇലക്ട്രിക് സാധനങ്ങളുടെ വിൽപന | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 4 | IX /481 | 1964/2019 കൃഷ്ണകുമാരി | ഓയിൽ /ഫ്ലോർ മിൽ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 5 | V/ 228 | 2340/2019 ശിവൻ കുട്ടി കെ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 6 | II/252 | 1588/2019 പൂക്കുഞ്ഞ് | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 7 | VI/ 497 | 2212/2019ഏ രതീഷ് കുമാർ | വർക്ക്ഷോപ്പ് | പാർപ്പിടം |
| 8 | XI/288 XI/262 | 1152/2019 ചന്ദ്രിക | സ്റ്റേഷനറി | പാർപ്പിടം |
| 9 | XII/14 | 3173/2019 ശിവദാസൻ ആചാരി | വെൽഡിംഗ് വർക്ക്ഷോപ്പ് | പാർപ്പിടം |
| 10 | X/278 | 3249/2019 പ്രസന്ന കുമാർ | ഫർണിച്ചർ നിർമ്മാണം | പാർപ്പിടം |
| 11 | II/173 | 3477/2019 മനു കുമാർ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 12 | III/501, | 3235/2019 | വർക്ക് ഷോപ്പ് | III/501, പാർപ്പിടം |

| | | | | |
|---|---|---|---|---|
| | III/502 | സജീവ് | | |
| 13 | V/253 | 4751/2019<br>സജു പി | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 14 | XIII/ 302 | 5286/2019<br>ശിവൻ കുട്ടി | പലചരക്ക് വ്യാപാരം | പാർപ്പിടം |
| 15 | VIII/330 | 5877/2019<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം | വളം ഡിപ്പോ | ഓഫീസ് ആവശ്യം |
| 16 | VII/565 | 5878/2019<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം | വളം ഡിപ്പോ | വാണിജ്യ കെട്ടിടം |
| 18 | V/ 172 | 5989/2019<br>അജിത ടി.ആർ | റൈസ് മിൽ | പാർപ്പിടം |
| 19 | XIII/ 119 | 6058/2019<br>അംബിക | ബേക്കറി | പാർപ്പിടം |
| 20 | XI/ 105 | 6188/2019<br>അഷ്ടമൻ | പലചരക്ക് വ്യാപാരം | പാർപ്പിടം |
| | XIII/185 | 6297/2019<br>മണികണ്ഠൻ | സ്റ്റേഷനറി | പാർപ്പിടം |
| | I/192,<br>I/194,<br>I/195 | 6916/2019<br>മുഹമ്മദ് ഷെഫീക്ക് | പ്ലംബിഗ്, ഗ്ലാസ്, സാനിറ്ററി | I/195 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| | III/271 | 7523/2019<br>വി. സോമൻ | ടീ ഷോപ്പ് | III/271 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| | IV/463, | 7568/2019<br>ബെന്നച്ചൻ | സ്റ്റേഷനറി | പാർപ്പിടം |
| | VII/206, | 370/2020<br>ദിലീപ് | ടയർ റിട്രഡിംഗ് | പാർപ്പിടം |

| | | | | |
|---|---|---|---|---|
| | XI/68,<br>XI/61<br>കെട്ടിട നമ്പർ വ്യക്തമല്ല | 419/2020<br>മനോജ് വി | സ്റ്റേഷനറി | പാർപ്പിടം |
| | XIII/42 | 484/2020<br>പ്രേംജി ജോൺ | മൊബൈൽ ഷോപ്പ് | പാർപ്പിടം |
| | VI/295 | 624/2020<br>ജാനമ്മ | സ്റ്റേഷനറി | പാർപ്പിടം |
| | XI/331 | 703/2020<br>തങ്കപ്പൻ | സ്റ്റേഷനറി | പാർപ്പിടം |
| | IX /335 | 712/2020<br>ജയശ്രീ | സ്റ്റേഷനറി | വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| | XIII/281 | 1357/2020<br>അനിത കുമാരി | സ്റ്റേഷനറി | പാർപ്പിടം |
| | VII/322, | 1512/2020<br>പി എൻ ശിവൻ കുട്ടി | ഹാർഡ് വെയർസ് | പാർപ്പിടം |
| | XIII/ 117 | 1733/2020<br>ബിന്ദു | സ്റ്റേഷനറി | XIII/ 117 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| | VIII/118 | 1696/2020<br>ചന്ദ്രമൗലി | ഫ്ലോർ മിൽ | പാർപ്പിടം |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 9 (2 ), ചട്ടം 17 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/23.12.2021) ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-12 2019-20 സാമ്പത്തിക വർഷം ഫാക്ടറി - വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗത്തിൽ കൂടിയുമുള്ള ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

2019-20 സാമ്പത്തിക വർഷം ഫാക്ടറി - വ്യാപാര ലൈസൻസ് സ്വീകരിച്ച് പ്രവർത്തിച്ചിരുന്ന താഴെ ചേർക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 2019-20 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | സ്ഥാപനത്തിന്റെ പേര് | ഫാക്ടറി - |
|---|---|---|

| | | |
|---|---|---|
| നം | | വ്യാപാര ലൈസൻസ് നം. |
| 1 | വളം ഡിപ്പോ,<br>സെക്രട്ടറി<br>വെസ്റ്റ് കല്ലടസർവ്വീസ് സഹകരണസംഘം, കെട്ടിട നമ്പർ-(VIII/330) | 5877/2019 |
| 2 | വളം ഡിപ്പോ<br>സെക്രട്ടറി വെസ്റ്റ് കല്ലട സർവ്വീസ് സഹകരണ സംഘം<br>കെട്ടിട നമ്പർ-(VII/565) | 5878/2019 |
| 3 | നീതി സ്റ്റോർ<br>സെക്രട്ടറി<br>വെസ്റ്റ് കല്ലട, സർവ്വീസ് സഹകരണ സംഘം, കെട്ടിട നമ്പർ-(VII/564) | 5879/2019 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/23.12.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്.

2019-20 സാമ്പത്തിക വർഷം നടത്തിയ വസ്തു നികുതി നിർണയങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നമ്പർ - 1/709 (2019 ആദ്യ പകുതി)

വസ്തു നികുതി നിർണ്ണയിച്ച രീതി :-

തരം - വാണിജ്യ കെട്ടിടം

നികുതി നിരക്ക് - 40 രൂപ/ച.മീറ്റർ

വിസ്തീർണ്ണം - 28.2 ച.മി

അടിസ്ഥാന വസ്തുനികുതി - 28.2 X 40 = 1128.00

വഴി സൗകര്യം വർദ്ധന - 20% = 225.60/-

വസ്തുനികുതി = 1354.00

ലൈബ്രറി സെസ്സ് = 68.00

= 1422.00/-

മേൽ കെട്ടിടം (1/709), കെട്ടിടം നമ്പർ 1/375 ന്റെ എക്സ്റ്റൻഷൻ ആണ്. 2013 ലെ വസ്തുനികുതി നിർണ്ണയപ്രകാരം 1/375 ന്റെ ആകെ വിസ്തീർണ്ണം 48 $M^2$ ആണ്. എന്നാൽ 1/709 ന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം Existing Building (1/375 വാണിജ്യ കെട്ടിടം) 55.00 $M^2$ ആണെന്നും Completed Building, 28.20 $M^2$ എക്സ്റ്റൻഷൻ ഉൾപ്പെടെ ആകെ 83.20 $M^2$ ആണെന്നും വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട 7$m^2$ (83.2-(48+28.2)) കൂടി വസ്തുനികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. കെട്ടിട നമ്പർ - 10/518 (2019 ആദ്യ പകുതി)

നിർണ്ണയിച്ച രീതി :-

തരം - പാർപ്പിടാവശ്യം

വിസ്തീർണ്ണം - 184.02 ച.മി

അടിസ്ഥാന വസ്തുനികുതി - 184.02 X 5 = 920.00/-

മേഖല ദ്വിതീയം - 10% = -92.00

വസ്തുനികുതി = 829.00

ലൈബ്രറി സെസ്സ് = 42.00

= 871.00/-

നിർണ്ണയിക്കേണ്ടത്

അടിസ്ഥാന വസ്തുനികുതി - 184.02 X 5 = 920.00

മേഖല ദ്വിതീയം - 10% = -92.00

വഴി സൗകര്യം (പ്ലാൻ പ്രകാരം 5 മീ.) 20% = 184.00

വസ്തുനികുതി = 1012.00

ലേറ്റ് ഫീസ് = 51.00

= 1063.00

കുറവ് = 192.00

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.12.2021) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതാണ്.

1-14 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

2018-19 വർഷം ആരംഭിച്ചതും 2019-20 വർഷം സ്പിൽ ഓവർ ആയി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

1) ഐക്കരഴികത്ത് മുക്ക് - കായൽ വരമ്പത്ത് റോഡ് റീ ടാറിംഗ്

2) കൈതാനത്ത് മുക്ക് - പയ്യള്ളിമുക്ക് റോഡ് ടാറിംഗ്

3) കുമ്പളത്തറ കോളനി റോഡ് റീടാറിംഗ്

4) വിളന്തറ കോളനി റോഡ് റീ ടാറിംഗ്

മേൽ പ്രവൃത്തികൾ മുൻ വർഷങ്ങളിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും 2019-20ലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. നിശ്ചിത സമയപരിധി കഴിഞ്ഞ് ശേഷമാണ് പണി പൂർത്തീകരിച്ചതെങ്കിലും ഫൈൻ ഈടാക്കിയിട്ടില്ല. പണി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നല്കണമെന്ന് കരാറുകാരൻ അപേക്ഷ നല്കുകയോ അസി എൻജിനിയർ കരാറുകാരന് പൂർത്തീകരണകാലാവധി നീട്ടി നല്കുകയോ ചെയ്തിട്ടില്ല. ഈ പ്രവൃത്തികളിൽ കാലാവധി നീട്ടുന്നതിന് കമ്മറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടില്ല. കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ എ.ഇ മുഖേന അപേക്ഷ നല്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി എ സി യുടെ 1% ഫൈൻ

ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% ശതമാനം വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ കാലാവധിയുടെ 50% ത്തിൽ അധികമാകരുത്. ഈ കാലാവധിക്ക് ശേഷം പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികൾക്ക് Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges

(P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

മേൽ സൂചിപ്പിച്ച നാല് പ്രവൃത്തികളിലും പ്രസ്തുത മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെയാണ് ഫൈനൽ തുക അനുവദിച്ച് നല്കിയത്.

പ്രസ്തുത പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ഐക്കരഴികത്ത് മുക്ക് - കായൽ വരമ്പത്ത് റോഡ് റീ ടാറിംഗ്

പ്രോജ നം -133/20

അടങ്കൽ തുക – 440000/-(M.G)

എഗ്രി നം-തീയതി-13/ae/18-19 Dt 31-7-18

കോൺട്രാക്ടർ – ശ്രീകേഷ് കുമാർ

എഗ്രീഡ് പി എ സി- 439315

ബിൽ നം./തീയതി – 29/19-20 Dt 22-1-20

സൈറ്റ് കൈമാറിയ തീയതി- 31-7-18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി- 30-11-18

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 21-12-19

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെചേർക്കുന്നു.

30-11-18 മുതൽ 21-12-19 വരെയുള്ള ആഴ്ചകളിലേക്കുള്ള ഫൈൻ – 386/7x439.32

= 24225/-

2)കൈതാനത്ത് മുക്ക് - പയ്യള്ളിമുക്ക് റോഡ് ടാറിംഗ്

പ്രോജ നം – 128/20

അടങ്കൽ തുക - 457000/-

എഗ്രി നം-തീയതി-10/ae/18-19 Dt. 31-7-18

കോൺട്രാക്ടർ -ശ്രീകേഷ് കുമാർ

എഗ്രീഡ് പി എ സി- 456954

ബിൽ നം./തീയതി -27/19-20 Dt.22-1-20,

സൈറ്റ് കൈമാറിയ തീയതി- 31-7-18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-30-11-18

പ്രവൃത്തി പൂർത്തീകരിച്ച തീയതി 21-12-2019

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെചേർക്കുന്നു.

30-11-18 മുതൽ 21-12-19 വരെയുള്ള ആഴ്ചകളിലേക്കുള്ള ഫൈൻ – 386/7x456.95

= 25197.5/-

3) കുമ്പളത്തറ കോളനി റോഡ് റീടാറിംഗ്

പ്രോജ നം -130/ 20

അടങ്കൽ തുക – 186000/-(മെയി. ഗ്രാന്റ്)

എഗ്രി നം-തീയതി-18/ae/18-19 Dt 2-8-18

കോൺട്രാക്ടർ -ശ്രീകേഷ് കുമാർ

എഗ്രീഡ് പി എ സി- 185639/-

ബിൽ നം./തീയതി – 24/19-20 Dt 23-1-20,
സൈറ്റ് കൈമാറിയ തീയതി- 2-8-18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി- 1-12-18

പ്രവൃത്തി പൂർത്തീകരിച്ച തീയതി – 21-12-19

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെചേർക്കുന്നു.

1-12-18 മുതൽ 21-12-19 വരെയുള്ള ആഴ്ചകളിലേക്കുള്ള ഫൈൻ- 386/7x185.64
= 10236.71/-

4) വിളന്തറ കോളനി റോഡ് റീ ടാറിംഗ്

പ്രോജ നം - 126/ 21

അടങ്കൽ തുക - 266000/-

എഗ്രി നം-തീയതി-35/ae/18-19dt 29-11-18

കോൺട്രാക്ടർ – ശശികുമാർ

എഗ്രീഡ് പി എ സി- 264670/-

ബിൽ നം./തീയതി -21/20-21 Dt19-8-20

സൈറ്റ് കൈമാറിയ തീയതി- 29-11-18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി-28-2-19

പ്രവൃത്തി പൂർത്തീകരിച്ച തീയതി -15-5-20

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെചേർക്കുന്നു.

29-11-18 മുതൽ 15-5-20 വരെയുള്ള ആഴ്ചകളിലേക്കുള്ള ഫൈൻ – 442/7x264.67 = 16712

നാല് പ്രവൃത്തികളിലുമായി 76371.21 /- പിഴയിനത്തിനത്തിൽ ഈടാക്കാത്തതുമൂലമുള്ള നഷ്ടം ഉത്തരവാദിയായ അസി. എൻജിനിയരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 150000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

| നിർവഹണോദ്യോഗസ്ഥ – കൃഷി ഓഫീസർ | | |
|---|---|---|
| പദ്ധതി, നം | ശാസ്താംകോട്ട തടാക സംരക്ഷണം ഹരിത തീരം പദ്ധതി (33/2019-20) | അഷ്ടമുടി കായൽ സംരക്ഷണം |

| | | |
|---|---|---|
| അടങ്കൽ തുക | 50,000/-(വികസന ഫണ്ട് പൊതുവിഭാഗം) | 1,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക | ബിൽ നം 2/16-10-2019) - 50000/- | ബിൽ നം 1/16-10-2019) - 100000/- |

2019-20 സാമ്പത്തിക വർഷം മേൽ പദ്ധതികൾക്കായി 1,50,000/- രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -2/22.12.2021

1-16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - മതിയായ രേഖകളുടെ അഭാവത്തിൽ ആനുകൂല്യം നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
| പദ്ധതി | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (നം.27/20) |
| അടങ്കൽ തുക | 250000/-(വികസന ഫണ്ട്)<br>125000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>125000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 250000/-(4/6.3.20)<br>125000/-(9/24.3.20)<br>125000/-(10/19.3.20) |

പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഒരാളായ ഫാത്തിമ സുൽത്താന, മുല്ലമംഗലം, പടിഞ്ഞാറെ കല്ലട എന്നയാൾ നാഗരതം അങ്കലമ്മാൾ ആർട്സ് ആന്റ് സയൻസ് കോളേജിൽ BSc Forensic Science വിദ്യാർത്ഥിനിയാണ്. അപേക്ഷ പരിശോധിച്ചതിൽ താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റൽ കരുനാഗപ്പള്ളിയുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 40%Temporary Disability – Myopia Both Eyes എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ടി സർട്ടിഫിക്കറ്റ് 2015 ൽ ഇഷ്യൂ ചെയ്തതാണെന്നും കാണുന്നു. (MRL-3004/14 DTD. 9.7.15)
Temporary Disability 40% രേഖപ്പെടുത്തിയിട്ടുള്ള 2015 ൽ ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈ സാഹചര്യത്തിൽ തൻവർഷം ടി ഗുണഭോക്താവിനായി ചെലവഴിച്ച 13000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അർഹത തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-13000/-

ഓഡിറ്റ് എൻക്വയറി നം.7/22.12.21

1-17 ജില്ലാ ആസൂത്രണ സമിതി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകൽ - സർക്കാർ നിർദ്ദേശമില്ലാതെ തുക ചെലവഴിച്ചു

സർക്കാർ നിർദ്ദേശമില്ലാതെ ജില്ലാ ആസൂത്രണ സമിതി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകുന്നതിനായി 2019-20, 2020-21 വർഷങ്ങളിൽ തുക ചെലവഴിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | ജില്ലാ ആസൂത്രണ സമിതി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകൽ (നം.83/20) |
| അടങ്കൽ തുക | 150000/-(വികസനഫണ്ട്) |
| ചെലവ് തുക | 150000/-<br>919/8.9.19) |

ജി.ഒ(എം.എസ്) 21/20 പ്ലാനിംഗ് തീയതി 16.6.2020 പ്രകാരം 1,50,000/-രൂപ ജില്ലാ ആസൂത്രണ സമിതി കെട്ടിടനിർമ്മാണത്തിന് വിഹിതം നൽകുവാൻ ഉത്തരവ് ഉണ്ടെങ്കിലും ഈ ഉത്തരവിന് മുൻപ് തന്നെ 2019-20 സാമ്പത്തിക വർഷം 1,50,000/-രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷവും ഇതേ ഇനത്തിനായി വീണ്ടും 1,50,000 /-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു (ചെക്ക് നം.1773897/18.1.21).

ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കും മുൻപ് തന്നെ 8.9.19 ന് 1,50,000/-രൂപ നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ ആസൂത്രണസമിതി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്ത് തുക ഒടുക്കിയിരുന്നു എന്നും ജില്ലാ ആസൂത്രണ സമിതിയിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണ് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. 16.6.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8.9.19 ന് 1,50,000/-രൂപ നൽകി എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ സർക്കാർ നിർദ്ദേശമില്ലാതെ ഒടുക്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആയതിനാൽ സർക്കാർ നിർദ്ദേശമില്ലാതെ ചെലവഴിച്ച 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 150000/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 5/22.12.21

1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക(രൂപ) | ചെലവ് തുക(രൂപ) | ബിൽ നം/ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | ചീങ്കണ്ണി കോളനിയിൽ തോപ്പിൽകടവ്-ആറ്റുപുറം റോഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ നീട്ടലും (1158/20) | 206817/- (SCP ഫണ്ട്) | 206817/- | 27/28.10.19 | KSEB ശാസ്താംകോട്ടയിൽ ഒടുക്കു വരുത്തി |
| 2. | നടുവിലക്കര തിരുവാറ്റ ക്ഷേത്രത്തിന് സമീപം പൈപ്പ് ലൈൻ നീട്ടൽ (159/20) | 18700/- (CFC ഫണ്ട്) | 18700/- | 28/28.10.19 | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി |
| 3. | ജീവനം ഡയാലിസിസ് | 100000/- | 10000/- | 11/26.7.19 | കൊല്ലം |

| | | | | | |
|---|---|---|---|---|---|
| | (55/21) | (വികസന ഫണ്ട്) | | | ജില്ലാപഞ്ചായത്തിൽ ഒടുക്കു വരുത്തി |
| | | ആകെ | 325517/- | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 325517/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 5/22.12.21

## 1-19 എസ് എസ് എ പദ്ധതിയ്ക്കായി അനുവദിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

എസ് എസ് എ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് വികസനഫണ്ടിൽ നിന്നും തുകകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | അനുവദിച്ച തുക ₹ | ബിൽ നം. തീയതി |
|---|---|---|---|
| 1 | 21/19-20, എസ്.എസ്.എ വിഹിതം നൽകൽ | 6,00,000/- | 01/19-20 26.07.19 |
| 2 | 22/19-20, എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി.പി) | 2,00,000/- | 02/19-20 26.07.19 |

തുകകളുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 8,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുകകളുടെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ അധികമായി പിൻവലിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ട് നം.123, 124 എന്നിവ പ്രകാരം പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും അനുവദിച്ചിട്ടുണ്ട്. ഈ കോഴ്സുകൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് പ്രകാരം എസ് സി വിഭാഗത്തിലെ പഠിതാക്കൾക്ക് കോഴ്സ് ഫീസിന് ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ എസ് സി വിഭാഗത്തിലെ പഠിതാക്കൾക്കായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ഒടുക്കേണ്ടിയിരുന്നില്ല. എന്നാൽ താഴെ പറയുന്ന എസ് സി വിഭാഗത്തിലെ പഠിതാക്കൾക്കും കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | പേര് ശ്രീ/ശ്രീമതി | കോഴ്സ് | ആപ്ലിക്കേഷൻ നം. | ഒടുക്കിയ ഫീസ് ₹ | ഫണ്ട് ഇനം | ബിൽനം./ ചെക്ക് നം. |
|---|---|---|---|---|---|---|
| 1 | ശ്രീദേവി എൻ | പത്താംതരം തുല്യത | 105213/ 10/02/19 | 1750/- | തനത് | Tsb Chq No. 2148284 / 20.12.19 |
| 2 | അജയകുമാർ ജെ | പന്ത്രണ്ടാം തരം തുല്യത | 107946/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ചന്ദ്രിക റ്റി | പന്ത്രണ്ടാം തരം തുല്യത | 107935/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 4 | വിഷ്ണു എം | പന്ത്രണ്ടാം തരം തുല്യത | 107821/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 5 | രാഹുൽ എം | പന്ത്രണ്ടാം തരം തുല്യത | 107879/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 6 | വിഷ്ണു വി എസ് | പന്ത്രണ്ടാം തരം തുല്യത | 107901/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |

മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി കോഴ്സ് ഫീസ് അനുവദിച്ചതിനുള്ള കാരണം വിശദീകരിക്കുന്നതിനു നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 03/2020-21 17.12.21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികമായി അനുവദിച്ച തുകയായ ₹12,750/- നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതും വികസനഫണ്ട് വിഹിതം സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതുമാണ്.

1-21 ഗുണഭോക്തൃ വിഹിതം പിരിവ് - വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വെറ്റിനറി സർജൻ നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതും തുക ചെലവഴിച്ചതും ചെലവഴിക്കാനുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

2019-20

| പദ്ധതി | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം | പദ്ധതിയുടെ ഭാഗമായി തൻ വർഷം ചെലവഴിച്ച ഗുണഭോക്തൃ വിഹിതം | പദ്ധതിയുടെ ഭാഗമായി തൻവർഷം ചെലവഴിക്കേണ്ടിയിരുന്നതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|
| ആട് വളർത്തൽ SCP (നം.41/20) | 81000/- | 54000/- (2019-20) | 27000/- (2019-20) | 2019-20 വർഷം 18 ഗുണഭോക്താക്കളുടെ 27000/- രൂപ (18X@1500) ചെലവഴിച്ചിട്ടില്ല. |
| കോഴിവളർത്തൽ SCP (നം.46/20) ഒരു യൂണിറ്റിൽ 25 കോഴിക്കുഞ്ഞ് 8 വീതം 25 യൂണിറ്റുകൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് | 30340/- | 17250/- | 13090/- | ടി പദ്ധതിയിൽ ആകെ ഗുണഭോക്തൃ വിഹിതം ചെലവ് തുക 17250/- രൂപയാണെന്നിരിക്കെ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത് 22770/- രൂപയാണ്. 5520/- രൂപയുടെ ചെലവ് അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു. |

ഗുണഭോക്തൃ വിഹിതം പിരിവ്, അവയുടെ ചെലവ്, ചെലവഴിക്കാനവശേഷിക്കുന്ന തുക

എന്നിവയുടെ കണക്കുകളിലെ പൊരുത്തക്കേടുകളിൽ വ്യക്തത വരുത്തി കണക്കുകളുടെ കൃത്യമായ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി പദ്ധതികൾ സ്പിൽ ഓവറായി 2020-21 വർഷവും നടപ്പിലാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.4/22.12.21

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്കായി കോഴ്സ് ഫീസ് ഇനത്തിൽ അധികമായി പിൻവലിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു

ഹെഡ് മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രോജക്ട് നം.123, 124 എന്നിവ പ്രകാരം പത്താംതരം തുല്യത, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസും കോഴ്സ് ഫീസും അനുവദിച്ചിട്ടുണ്ട്. ഈ കോഴ്സുകൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് പ്രകാരം എസ് സി വിഭാഗത്തിലെ പഠിതാക്കൾക്ക് കോഴ്സ് ഫീസിന് ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ എസ് സി വിഭാഗത്തിലെ പഠിതാക്കൾക്കായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ഒടുക്കേണ്ടിയിരുന്നില്ല. എന്നാൽ താഴെ പറയുന്ന എസ് സി വിഭാഗത്തിലെ പഠിതാക്കൾക്കും കോഴ്സ് ഫീസ് ഇനത്തിൽ തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | പേര് ശ്രീ/ ശ്രീമതി | കോഴ്സ് | ആപ്ലിക്കേഷൻ നം | ഒടുക്കിയ ഫീസ് ₹ | ഫണ്ട് ഇനം | ബിൽനം./ ചെക്ക് നം. |
|---|---|---|---|---|---|---|
| 1 | ശ്രീദേവി എൻ | പത്താംതരം തുല്യത | 105213/ 10/02/19 | 1750/- | തനത് | Tsb Chq No. 2148284 / 20.12.19 |
| 2 | അജയകുമാർ ജെ | പന്ത്രണ്ടാം തരം തുല്യത | 107946/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 3 | ചന്ദ്രിക റ്റി | പന്ത്രണ്ടാം തരം തുല്യത | 107935/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 4 | വിഷ്ണു എം | പന്ത്രണ്ടാം തരം തുല്യത | 107821/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 5 | രാഹുൽ എം | പന്ത്രണ്ടാം തരം തുല്യത | 107879/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |
| 6 | വിഷ്ണു വി എസ് | പന്ത്രണ്ടാം തരം തുല്യത | 107901/ 12.02.19 | 2200/- | വികസന ഫണ്ട് | 03/19-20, 26.11.19 |

മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി കോഴ്സ് ഫീസ് അനുവദിച്ചതിനുള്ള കാരണം

വിശദീകരിക്കുന്നതിനു നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 03/2020-21 17.12.21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികമായി അനുവദിച്ച തുകയായ ₹12,750/- നിർവ്വഹണോദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സിൽ നിന്നും തിരികെ ഈടാക്കേണ്ടതും വികസനഫണ്ട് വിഹിതം സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 26-11-21 | കെ.എസ്.എ-കെ.എൽ.എം-പി-10/10/22 തീയതി. 12.04.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,25,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(27) | 1,25,000/- | 0 |
| | | 3,20,000/- | ലൈഫ് ഭവന നിർമ്മാണം(73) | 3,20,000/- | 0 |
| | | 1,19,000/- | അനുപൂരക പോഷകാഹാര പരിപാടി (24) | 1,19,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,78,360/- | പാലിന് സബ്സിഡി (71) | 1,78,360/- | 0 |
| | | 1,25,000/- | ശാരീരിക മാനസിക വെല്ലുവിളി നേടുന്നവർക്ക് സ്കോളർഷിപ്പ് (27) | 1,25,000/- | 0 |
| | | 19,62,300/- | ലൈഫ് ഭവന നിർമ്മാണം(73) | 1,85,823/- | 17,76,477/- |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | ഇലക്ട്രിക് പോസ്റ്റ് മാറ്റി | 31/16.12.19 | 206817/- | 0 | 206817/- |

| | | | | | |
|---|---|---|---|---|---|
| ബോർഡ് | സ്ഥാപിക്കൽ &സ്ട്രീറ്റ് മെയിൻ വലിക്കൽ 158/20 | | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 8/20 | 031050/4.2.20 31/16.12.19 26/28.10.19 | 158845/- | 158845/- | 0 |
| കേരളാ വാട്ടർ അതോറിറ്റി | നടുവിലക്കര പൈപ്പ് ലൈൻ നീട്ടൽ | 28/28.10.19 | 18700/- | - | 18700/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20,00,000/-രൂപ വരവുണ്ട്. 20,00,000/-രൂപയിൽ 13,60,000/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ(എം.എസ്)11/18 /എൽ.എസ്.ജി.ഡി തീ. 13.08.18 | 2000000/- | 8322455/- | 867647/- | ---- | 9454808/- |

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സ്ഥിര നിക്ഷേപം.

ഇല്ല

4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3 -14(1) | ജനകീയ പാർപ്പിട പദ്ധതി | നടപടി തുടരുന്നു |
| 2002-03 | ഡി.സി.ബി | 2006-07 | 3-11-3 | തൊഴിൽക്കരം | നടപടി |

| | | | | | |
|---|---|---|---|---|---|
| | സ്റ്റേറ്റ്മെന്റ് | | | സംബന്ധിച്ച് | തുടരുന്നു |
| 2002-03 | 3-7 | 2006-07 | 3(11)(8) | പൊതുമരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |
| ---- | ----- | 2017 – 18 | അനുക്രമണിക അദ്ധ്യായം 6 | പാരിസ്ഥിതിക വിഷയങ്ങൾ – അവലോകനം | നടപടി തുടരുന്നു |
| 2015 -16 | 2-1 | 2016 – 17 | അനുബന്ധം 5 | തൊഴിൽ നികുതി | ----- |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12750/- | ശ്രീമതി.മേഴ്സി സി ജെ, എച്ച്.എം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 150000/- | ശ്രീമതി.ശീതൾ ശിവൻകുട്ടി, കൃഷിഓഫീസർ |
| 1-16 | 13,000/- | ശ്രീമതി. സജീന ഫിർദൗസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-17 | 150000/- | ശ്രീമതി.സീമ, സെക്രട്ടറി |
| 1-18 | 325517/- | ശ്രീമതി.സീമ, സെക്രട്ടറി |
| 1-19 | 800000/- | ശ്രീമതി.മേഴ്സി സി.ജെ, എച്ച്.എം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സീമ, സെക്രട്ടറി | സെക്രട്ടറി, പടിഞ്ഞാറേ കല്ലട ഗ്രാ.പ | പരപ്പാടിയിൽ ഹൗസ്, പുതുക്കാട്.പി.ഒ, ചവറ |
| ശ്രീ. ജോബി.കെ, | അസിസ്റ്റന്റ് എഞ്ചിനീയർ, പടിഞ്ഞാറേ കല്ലട ഗ്രാ.പ | ഉണ്ടിൽ പുത്തൻ വീട്, അമ്പിപൊയ്ക പി.ഒ, കുണ്ടറ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | |
| ശ്രീമതി.മേഴ്സി സി ജെ,<br>എച്ച്.എം | വിരമിച്ചു | തരംഗം, കോട്ടപ്പുറം,<br>മുളവന പി.ഒ |
| ശ്രീമതി.ശീതൾ ശിവൻകുട്ടി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ഓച്ചിറ ഗ്രാമ പഞ്ചായത്ത് | ഈച്ചാംപറമ്പിൽ, കാവൽ,<br>കൊല്ലം |
| ശ്രീമതി. സജീന ഫിർദൗസ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,<br>ശാസ്താംകോട്ട | യൂണിറ്റി ലെയ്ൻ, 15ബി,<br>ലക്ഷ്മിനട, കൊല്ലം |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ഖണ്ഡികകളുടെ അവശേഷിക്കുന്ന എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 4 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 2 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 6 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം./പി.10/385/18<br>തീയതി.3.04.2018 | 14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം./പി.8/717(1)/19<br>തീയതി.29.5.19 | 5 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം./പി.8/717(2)/19<br>തീയതി.29.5.19 | 8 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം./പി.8/717(3)/19<br>തീയതി.29.5.19 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം./പി.8/717(4)/19<br>തീയതി.29.5.19 | 1 |
| 2010-11<br>&<br>2011-12 | കെ.എസ്.എ.കെ.എൽ.എം./പി.8/717(5)/19<br>തീയതി.29.5.19 | 9 |
| 2012-13 &<br>2013-14 | കെ.എസ്.എ.- കെ.എൽ57335.എം./പി 7/703/16<br>തീയതി - 21/5/2016 | 20 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി 7/336/17,<br>തീയതി - 29/7/2017 | 20 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി 10/57/17,<br>തീയതി - 20/10/2017 | 17 |
| 2016 - 17 | കെ.എസ്.എ.- കെ.എൽ.എം./പി 10/1/18<br>തീയതി - 2/2/2018 | 20 |
| 2017 - 18 | കെ.എസ്.എ.- കെ.എൽ.എം./പി 10/299/19<br>തീയതി - 7/5/2019 | 9 |
| 2018 - 19 | കെ.എസ്.എ.- കെ.എൽ.എം./പി 10/430/20<br>തീയതി - 20/5/2020 | 11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്